**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- നിയമന ഉത്തരവിനായി കാത്തിരുന്ന കാലയളവ് ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഇഎ1-157/18/ആ.വ.ഡ തീയതി 21.07.2018
2. ഡോ. എലിസബത്ത് പൈക്കട സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നം. ഇ.എ1- 39848/2021/ആ.വ.ഡ തീയതി 03.08.2021**

അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്തു വരവെ അന്യത്രസേവനത്തിൽ പ്രവേശിച്ച ഡോ. എലിസബത്ത് പൈക്കടയ്ക്ക് പരാമർശം (1) പ്രകാരം അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൽട്ടന്റായി സ്ഥാനം നൽകുകയും അന്യത്രസേവനത്തിൽ തുടരുവാൻ അനുവദിക്കുകയും ചെയ്തിരുന്നു. 17.04.2019 ന് അന്യത്രസേവനം പൂർത്തിയായ ശേഷം 22.04.2021 നാണ് ആരോഗ്യവകുപ്പ് ഡയറക്ടർ മുൻപാകെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആയതിനു ശേഷം ഡോ. എലിസബത്ത് പൈക്കടയ്ക്ക് നിയമന ഉത്തരവ് നൽകുകയും ടിയാരി 14.06.2019 പൂർവ്വാഹനത്തിൽ ഇടുക്കി ജില്ലാ ആശുപത്രിയിൽ അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൽട്ടന്റായി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ ഡോ. എലിസബത്ത് പൈക്കട നിയമനത്തിനായി കാത്തുനിന്ന 18.04.2019 മുതൽ 21.04.2019 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായും, 22.04.2019 മുതൽ 13.06.2019 വരെയുള്ള കാലയളവ് കെ.എസ്.ആർ ചട്ടം 12 ഖണ്ഡിക 7 നു കീഴിലെ കുറിപ്പ് നം.4 ലെ വ്യവസ്ഥകൾ പ്രകാരം ഡ്യൂട്ടിയായും പരിഗണിച്ച് ക്രമപ്പെടുത്തി ഉത്തരവാകുന്നു.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. വി.മീനാക്ഷി**
**അഡീഷണൽ ഡയറക്ടർ (പി.എച്ച്)**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്
ഡോ. എലിസബത്ത് പൈക്കട, ജൂനിയർ കൺസൽട്ടന്റ് (അനസ്തേഷ്യ)

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസറൻമാർ
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**